## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1868 15.07.2016 ന് മറുപടിയ്ക്ക്.

### വനം വകുപ്പിന്റെ ശാക്തീകരണ പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ ശാക്തീകരണത്തിനും പരിഷ്കരണത്തിനും വേണ്ടി കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വനം വകുപ്പിന്റെ ശാക്തീകരണത്തിനും പരിഷ്കരണത്തിനും വേണ്ടി വാർഷിക പദ്ധതി നടപ്പാക്കി വരുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്കീമുകളിൽ, പുതിയ സ്കീമുകൾക്ക് സർക്കാരിൽ നിന്നും ഭരണാനുമതി നൽകുകയും ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ നടത്തിയും വരുന്നു. നടപ്പു പദ്ധതികൾ (ongoing scheme) ബഡ്ജറ്റിലെ തുകയുടെ ലഭ്യതക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ; | (ബി) വനങ്ങളുടെ സംരക്ഷണം, വന്യജീവികളുടെ സംരക്ഷണം, വനപ്രദേശങ്ങളുടെ വിശിഷ്യ വനതോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, മെച്ചപ്പെട്ട വിഭവ പരിപാലനം, അടിസ്ഥാനസൗകര്യ വികസനം, ഇക്കോ ടൂറിസം, സാമൂഹ്യ വനവല്ക്കരണം, വനാതിർത്തികളുടെ സർവ്വേ, ജണ്ടകൾ, കരിങ്കൽ ഭിത്തികൾ, സംരക്ഷണ |

ഭിത്തികൾ എന്നിവയുടെ നിർമ്മാണം, ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര ഉല്പന്നങ്ങളുടെ വികസനം, ജൈവവൈവിദ്ധ്യ സംരക്ഷണവും, സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും, മാനവശേഷി വികസനം, വനപരിപാലന വിവര സമ്പ്രദായവും, ഭൗമവിവരസാങ്കേതിക സംവിധാനവും മെച്ചപ്പെടുത്തൽ, വിഭവ ആസൂത്രണവും ഗവേഷണവും, മനുഷ്യ-മൃഗ സംഘർഷം ലഘൂകരണ മാർഗ്ഗങ്ങളുടെ നടത്തിപ്പ്, തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ കേന്ദ്രവും സ്ഥാപിക്കൽ എന്നിവയാണ് പദ്ധതികളുടെ നടത്തിപ്പ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ.

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) പദ്ധതി നടത്തിപ്പിന് ആവശ്യം വേണ്ടുന്ന ഫണ്ട് സംസ്ഥാന ബഡ്ജറ്റിൽ കൂടി ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ